# ഉത്തമഗീതം : ഒരു സൗന്ദര്യ ശാസ്ത്രപഠനം

സിനു വർഗീസ്

## സംഗ്രഹം

വേദപുസ്തകത്തിലെ ഇരുപത്തിരണ്ടാമത്തെ പുസ്തകമാണ് ഉത്തമഗീതം (Songs of Songs) പ്രത്യക്ഷത്തിൽ ദൈവികമായ പരാമർശങ്ങൾ ഒന്നും തന്നെ ഉത്തമഗീതത്തിലില്ല. അതുകൊണ്ടു തന്നെയാകാം മതപണ്ഡിതന്മാരും വ്യഖ്യാതാക്കളും ഈ പുസ്തകത്തിന് നിരോധനമേർപ്പെടുത്തിയത്. ഉത്തമഗീതത്തിലെ നായകൻ ക്രിസ്തുവും നായിക സഭയുമാണ് എന്ന വ്യാഖ്യാനമാണ് പൊതുവിൽ ഉള്ളത്. എന്നാൽ സ്ത്രീ പുരുഷ പ്രേമത്തിന്റെ/തീക്ഷ്ണമായ പ്രണയത്തിന്റെ ആവിഷ്കാരമാണ് ഉത്തമഗീതം. ധാരാളം വ്യാഖ്യാനങ്ങൾ ഉത്തമഗീതത്തിന് ഉണ്ടായിട്ടുണ്ട്. അതിൽ നിന്നും അല്പം വഴിമാറി അതിലെ പ്രണയത്തിന്റെ സൗന്ദര്യതലങ്ങളെ ക്കുറിച്ച് അന്വേഷിക്കുകയാണ് ഈ പ്രബന്ധം.

*താക്കോൽ വാക്കുകൾ: പ്രണയം, ഇറോസ്, അഗാപ്പെ*

## ആമുഖം

ക്രൈസ്തവ സഭയുടെ ആരാധനാഗ്രന്ഥമാണ് ബൈബിൾ. മതഗ്രന്ഥ മന്ന നിലയിൽ

മത സാംസ്കാരിക പരിഷ്കരണത്തിനാണ് ബൈബിൾ പ്രധാനമായും ഊന്നൽ നല്കിയിരിക്കുന്നത്. മതസദാചാര നിയമങ്ങളും പാപഫലങ്ങളും ശിക്ഷാനടപടികളും ഉയർത്തി കാട്ടിയപ്പോൾ ഈ പുസ്തകം നിത്യം ഉരുവിട്ടു പഠിക്കേണ്ട കുറേ കല്പനകൾ അടങ്ങുന്ന ഒരു വിശിഷ്ടഗ്രന്ഥമായി മാത്രം ഒതുങ്ങി. ബൈബിളിന് കേരളത്തിൽ ഇരുപത് ശതാബ്ദക്കാലത്തോളം ഉള്ള പാരമ്പര്യം

ഉണ്ടെങ്കിലും അത് പള്ളിയുടെ പുറത്തേക്കും മതേതര മേഖലകളിലെക്കും സഞ്ചരിച്ചുതുടങ്ങിയിട്ട് ഇരുപതു ദശാബ്ദക്കാലം മാത്രമേ ആയിട്ടുള്ളൂ എന്ന് ഡോ. ജോസഫ് ചീരൻ പറയുന്നു. സാഹിത്യാംശം ഏറെയുള്ള ഒരു കൃതിയായിട്ടും ഒരു സാഹിത്യ കൃതി എന്ന നിലയിൽ ബൈബിൾ അധികമൊന്നും വായിക്കപ്പെട്ടിട്ടില്ല.

പാശ്ചാത്യ സാഹിത്യത്തിലൂടെയാണ് ബൈബിൾ ഒരു സാഹിത്യ കൃതി എന്ന നിലയിൽ നമ്മുടെ സാഹിത്യ ലോകത്തിലേക്കും എത്തിച്ചേർന്നത്. ഗിൽട്ടന്റെ പറുദീസാ നഷ്ടം, പറുദീസാ പുനഃപ്രാപ്തി തുടങ്ങിയ കൃതികളിൽ ബൈബിളിന്റെ പ്രചോദനം കാണുവാൻ കഴിയും ഈ കൃതികളുടെ കടന്നു വരവാണ് മലയാളത്തിലും ബൈബിളിനെ മുൻ നിർത്തിയുള്ള രചനകൾക്ക് പ്രേരകമായത്. യഹോവയും ഇസ്രായേലും തമ്മിലുള്ള ബന്ധവും ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധവുമാണ് ഉത്തമ ഗീതത്തിലുള്ളത് എന്നാണ് ക്രൈസ്തവാചാര്യന്മാർ പറയുന്നത്.

ഇപ്രകാരം ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധമായി വ്യാഖ്യാനിച്ചപ്പോഴാണ് ഉത്തമഗീതം ആരാധനാലയങ്ങളിൽ വായിക്കാമെന്ന നിലയിലെത്തിയത്. എങ്കിൽ തന്നെയും മുപ്പതു വയസ്സുതികയാതെ ആരും ഈ കൃതി വായിക്കരുത് എന്ന നിയമം അവർ കൊണ്ടു വരികയും ചെയ്തു. എന്നാൽ ആധുനിക തലമുറയ്ക്ക് ഉത്തമഗീതം ഒരു പ്രേമകാവ്യവും പ്രണയിനികൾക്കുള്ള സമാഹാരവുമാണ് . ലൈംഗിക ഭാവങ്ങൾ ആവിഷ്കരിക്കുമ്പോഴും മാംസനിബന്ധമായി വർണ്ണനകൾ തരം താഴുന്നില്ല. കുലീനമായ ഒരു വശ്യതയാണ് ഇവിടെ കാണുന്നത്. അതുകൊണ്ടുതന്നെ പ്രണയത്തിന്റെ വ്യത്യസ്തമായ ഒരു സൗന്ദര്യാത്മകതലം ഈ കൃതിയിലുണ്ട്.

പ്രണയം

പ്രണയം എന്ന വാക്കിന് വളരെ ഉന്നതമായ അർത്ഥ സങ്കല്പങ്ങളുണ്ട്. മനുഷ്യമനസ്സിന്റെ ഭാവമാണത്. നിശബ്ദപ്രേമത്തിന്റെ ആർദ്രത ജിബ്രാൻ കൃതികളിൽ കാണുവാൻ കഴിയും

ജിബ്രാൻ തന്റെ പ്രണയിനിയായ മേസിയാദെയോട് പറയുന്നു.

'പർവ്വതങ്ങൾക്കു മുകളിലും താഴ്വാരങ്ങളിലും നമുക്കു സ്വയം പടരാം .... ...നമുക്ക് വൃക്ഷങ്ങൾക്കു മുകളിലും വൃക്ഷങ്ങൾക്കിടയിലും നടക്കാം... ...നമുക്ക് ഉന്നതമായ കൊടുമുടികളെആവരണം ചെയ്യാം. നമുക്ക് മനുഷ്യവംശത്തിന്റെ ഹൃദയങ്ങളിലേക്ക് ആഴ്ന്നിറങ്ങാം... ....അജ്ഞാതങ്ങളും വിദൂരങ്ങളുമായ ദുർഗ്ഗമ പ്രദേശങ്ങളിൽ ചുറ്റിയടിക്കാം... ...' സ്വന്തമാക്കലിനപ്പുറം സമർപ്പണത്തിന്റെ വെളിപാടാകുന്നു ഇവിടെ പ്രണയം.

പ്രണയം മനസ്സിന്റെ പ്രഥമോല്പന്നമാണെന്ന് ഋഗ്വേദം പറയുമ്പോൾ അത് മരണത്തെപ്പോലെ ശക്തമാണെന്ന് ബൈബിൾ പറഞ്ഞു വെയ്ക്കുന്നു.

മനുഷ്യന്റെ സർവ്വ ഇന്ദ്രിയങ്ങളെയും കവിഞ്ഞുയർന്നു നില്ക്കുന്ന ഭാവമാണ് പ്രണയം. അത് ഹൃദയത്തെ ആകുലതകളിൽനിന്ന് ആനന്ദത്തിലേക്കും നിരാശയിൽ നിന്ന് പ്രത്യാശയിലേക്കും ഏകാന്തതയിൽനിന്ന് പൂർണ്ണതയിലേക്കും നയിക്കുന്നു. പ്രപഞ്ചമാസകലം ഒരാളിലേക്ക് ചുരുങ്ങിക്കൂടുന്നതും അയാൾ ഈശ്വരനോളം വളരുന്നതുമാണ് പ്രണയം എന്ന് വിക്ടർ ഹ്യൂഗോ പറയുന്നു. പ്രേമത്താൽ അസ്വസ്ഥമായ ആത്മാവിന്റെ അലയടി ഗീതാഞ്ജലികാരൻ വിവരിക്കുന്നു. 'ഗഗനതലം മേഘാവൃതമായി പേമാരി ധാരമുറിയാതെ ചൊരിയുന്നു. ഭയങ്കരമായ ഈ രാത്രിയിൽ എന്തിനു വേണ്ടിയാണ് എന്റെ പ്രാണൻ പെട്ടെന്നുണർന്നു പിടയ്ക്കുന്നതെന്നു മനസ്സിലാകുന്നില്ല. മഴവെള്ളം ധാരധാരയായി പതിച്ചുകൊണ്ടിരിക്കുന്നു. ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങുന്ന പ്രണയത്തിന്റെ തീവ്രത ഈ വരികളിലുണ്ട്. പ്രണയിനിയെക്കുറിച്ച് ബോബി ജോസ് പറയുന്നു: 'ഏകാന്തതയുടെ തുരുത്തുകളിലേക്കു വലിച്ചെറിയപ്പെടുന്നവർക്ക്, അനാഥത്വത്തിന്റെ ആകുലതകൾ പേറുന്നവർക്ക് ഏതോ വരമായിമാറുന്നു അവളുടെ പ്രണയം ഒരു യുഗം മുഴുവൻ കണ്ണീരിലാഴ്ത്തിയാലും ഹൃദയം തകർത്ത് തല്ലിയുടച്ചാലും ഒരു കടൽ നിറയെ സ്നേഹം ഉള്ളിൽ കാക്കുന്നവൾ... ...സാന്ത്വനം പകരാൻ ഒരു നെഞ്ച് ... ...ധൈര്യം പകരാൻ ഒരു സ്പർശം ... ... പാപം ഒഴുക്കിക്കളയാൻ മുലപ്പാൽ... ... എല്ലാമറിഞ്ഞിട്ടും, മുഴുവൻ മനസ്സിലാക്കിയിട്ടും പിന്നെയും സ്നേഹിക്കുന്നവൾ... ....വിശ്വസിക്കുന്നവൾ ... ... (75) ഭാര്യയോ കാമിനിയോ സഹോദരിയോ കൂട്ടുകാരിയോ അവൾ ആരു തന്നെയായാലും സ്നേഹത്തിന്റെ ഉറവ മനസ്സിൽ സൂക്ഷിച്ച് കാത്തുനില്ക്കുന്നവളാണവൾ. ദാർശനികമായി പറഞ്ഞാൽ പ്രണയമെന്നത് നമുക്ക് ഏറ്റവും നല്ലതെന്നനുഭവപ്പെടുന്നതിനോട് പൂർണ്ണമായുള്ള സമർപ്പണമാണ്. പ്രണയം ഇന്ദ്രിയങ്ങളിൽ നിന്നോ അന്തരാത്മാവിൽ നിന്നോ പുറപ്പെടാം. സ്വയം സമർപ്പണമാണ് പ്രണയത്തിന്റെ കാതൽ. അത് വെറുമൊരു വികാരമല്ല. അപരന്റെ വ്യക്തിത്വവും പ്രത്യേകതകളും ദൗർബല്യങ്ങളും പൂർണ്ണമായി ഉൾക്കൊള്ളുകയും ആ വ്യക്തിയുടെ വികാരങ്ങളെ, ഭാവങ്ങളെ മനസ്സിലാക്കുകയും ചെയ്യുന്നിടത്താണ് പ്രണയം ഉറവെടുക്കുന്നത്.

## ഇറോസ്-അഗാപ്പെ

പ്രണയെത്തെ രണ്ടു വിഭാഗമായി മനഃശാസ്ത്രജ്ഞന്മാർ വിലയിരുത്തുന്നു. ഒന്ന്, ഇറോസ് അഥവാ രതി; രണ്ട്, അഗാപ്പെ അഥവാ സ്വാർത്ഥരഹിതസ്നേഹം. അഗാപ്പെ ആണ് പ്രണയത്തിന്റെ ഉദാത്തമാതൃകയായി കണക്കാക്കുന്നത്. തിരികെ ഒന്നും പ്രതീക്ഷിക്കാതെ പ്രേമഭാജനത്തിന്റെ മേന്മ മാത്രം ലക്ഷ്യമാക്കിയുള്ളതാണ് 'അഗാപ്പെ'. പ്രതിഫലേച്ഛയില്ലാത്ത പ്രണയം. പ്രേമഭാജനത്തെ ആരാധിക്കുകയും നിരുപാധികം സ്നേഹിക്കുകയും ചെയ്യുന്നു. കണക്കുകൾ സൂക്ഷിക്കാത്ത ഒന്നാണ് ഇത്തരം ബന്ധങ്ങൾ.

താൻ കൊടുക്കുന്നത് പകരം കിട്ടുമെന്ന, ലഭിക്കണമെന്ന ചിന്തയ്ക്ക് വിരുദ്ധമാണിത്. ഇവിടെ പ്രണയം ഒരന്തർദാഹമാണ്.

## ഉത്തമഗീതത്തിലെ സൗന്ദര്യാത്മകതലം

ദൈവവും ദൈവജനവും തമ്മിലുള്ള സ്നേഹബന്ധം എന്നതായിരുന്നു പതിനേഴാം നൂറ്റാണ്ടുവരെ ഉത്തമഗീതത്തെക്കുറിച്ചുള്ള പൊതുവായ ധാരണ. യഹൂദർ ഇത് ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധമായി വ്യാഖ്യാനിക്കുകയും ചെയ്തു. (അന്യാപദേശ വ്യാഖ്യാനം) ശൃംഗാര രസ പ്രധാനവും രസസ്ഫൂർത്തിക്കുവേണ്ടി ആലംബനോദ്ദീപനവിഭാവങ്ങളാലും സമ്പന്നമായ ഒരു കാവ്യമാണ് ഉത്തമഗീതം. ചിത്തവൃത്തിക്ക് ഹേതുവാകുന്ന വ്യക്തിയും വസ്തുവുമാണ് ആലംബനവിഭാഗം. ആലംബനത്തെ ഉദ്ദീപിക്കുന്നത് ഉദ്ദീപനവിഭാഗം എന്ന് നാട്യശാസ്ത്രം പറയുന്നു.

അങ്ങനെ വരുമ്പോൾ ശൃംഗാര രസനിഷ്പത്തിയിൽ നായികയും നായകനും ആലംബനവിഭാവങ്ങളാണ്. നായികാ-നായക പ്രേമത്തെ ഉദ്ദീപിപ്പിക്കുന്ന സാഹചര്യങ്ങൾ ഉദ്ദീപനങ്ങളും. ഉദ്ദീപനങ്ങളുടെ ഉജ്ജ്വലമായ സന്നിവേശം ഉത്തമഗീതത്തിൽ കാണുവാൻ കഴിയും. വിപ്രലംഭ ശൃംഗാരവും ഈ കാവ്യത്തിലുണ്ട്. പരസ്പരം കൂട്ടിച്ചേർക്കപ്പെടാത്ത അവസ്ഥയാണ് വിപ്രലംഭം. നായിക നായകനെ അന്വേഷിച്ച് വലയുന്നത് ഉത്തമഗീതം അഞ്ചാം അദ്ധ്യായത്തിൽ കാണാം, "ഞാൻ എന്റെ പ്രിയനു വാതിൽ തുറന്നു എന്നാൽ എന്റെ പ്രിയൻ തിരിച്ചു പൊയ്ക്കളഞ്ഞിരുന്നു. അവൻ പിൻവാങ്ങിയപ്പോൾ എന്റെ ഉള്ളം തളർന്നു. ഞാൻ അവനെ വിളിച്ചു എന്നാൽ ഉത്തരം ലഭിച്ചില്ല... ..." "ജെറുശലേം പുത്രിമാരേ ഞാൻ നിങ്ങളോട് അനുശാസിക്കുന്നു. നിങ്ങൾ എന്റെ പ്രിയനെ കണ്ടാൽ ഞാൻ പ്രേമാതുരയാണെന്നു പറയൂ" (ഉത്തമഗീതം 5 :7,8) ഇവിടെ പ്രണയിനിയിൽ അനുരാഗസമാനമായ ലഹരിയും തീക്ഷ്ണമായ അശാന്തിയും നിറഞ്ഞു നിൽക്കുന്നു.

ഉത്തമഗീതത്തിലുടനീളം സ്ത്രീ പുരുഷസ്നേഹത്തിന്റെ ക്രമമായ വളർച്ചയും അന്യോന്യം പകരുന്ന ആനന്ദാനുഭൂതികളും മനോഹരമായ രൂപകങ്ങളിലൂടെയും ഉപമകളിലൂടെയും ഉൽപ്രേക്ഷകളിലൂടെയും ആവിഷ്കരിക്കുന്നു. മതമീമാംസയെക്കാൾ ഉത്തമഗീതം സാഹിത്യത്തോടാണ് കൂടുതൽ അടുത്തു നിൽക്കുന്നത്. പ്രകൃതി സൗന്ദര്യത്തെ ഉപാസിക്കുന്ന ഒരു കവിമനസ്സ് ഉത്തമഗീതത്തിലെ ഓരോ വാക്കുകളിലും കാണുവാൻ കഴിയും. പ്രകൃതിയും അതിലെ ഓരോ ചെറിയ അംശങ്ങൾ പോലും മനുഷ്യ സ്നേഹത്തിന്റെ/പ്രണയത്തിന്റെ ഭാവങ്ങളായി കടന്നു വരുന്നു.കാമുകി കാമുകന്മാരുടെ മനസ്സ് അവരുടെ ശരീരചേഷ്ടകളിലൂടെ വ്യക്തമാക്കുകയാണ് ഇവിടെ കവി ചെയ്യുന്നത്. ഉത്തമഗീതത്തിലെ മുഖ്യ രസം ശൃംഗാരമാണ്. നായിക

നായക കൂട്ടുച്ചേരലിൽ നിന്നുണ്ടാകുന്ന സംഭോഗ ശൃംഗാരത്തെക്കാൾ വേർപിരിഞ്ഞിരിക്കുന്ന അവസ്ഥയിലുണ്ടാകുന്ന വിപ്രലംഭ ശൃംഗാരമാണ് ഇവിടെ കൂടുതൽ കാണുന്നത്. ഉപമാനങ്ങൾ ഇതിന് കൂടുതൽ സൗന്ദര്യം പ്രധാനം ചെയ്യുന്നു. അനുഗാര സമാനമായ ലഹരിയും തീക്ഷ്ണമായ അശാന്തിയും ഇവരുടെ ചേഷ്ടകളിൽ നിറഞ്ഞു നില്ക്കുന്നു.

സൗന്ദര്യാത്മക തലത്തിലേക്കു കടന്നലോ ആനന്ദവും ഉന്മേഷവും ഒഴുക്കും നിറഞ്ഞ ഭാഷ, വിരഹത്തിൽ നീറുന്ന പ്രണയിനിയുടെ ഹൃദയം എല്ലാം സ്ത്രീപുരുഷാനുരാഗത്തിന്റെ കാവ്യ സൗന്ദര്യത്തെ അനാവരണം ചെയ്യുന്നു. വൃഥാസ്ഥൂലത തോന്നിക്കുന്ന ഒറ്റ പദപ്രയോഗം പോലും ഇതിലില്ല. ഇടയ്ക്കിടെ ആവർത്തനങ്ങളുണ്ട്. എന്നാൽ അവ തന്മയത്വ പൂർണ്ണവും സന്ദർഭത്തിനു യോജിച്ചതുമാണ്. ഏറെ സമ്പന്നമായ ഒരു ഭാവനയും സംഗീതാത്മകമായ പദവിന്യാസവും ഈ കാവ്യത്തിന് മനോഹാരിത നല്കുന്നു.

'അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ
നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു.
നിന്റെ തൈലം സൗരഭ്യമായതു
നിന്റെ നാമം പകർന്ന തൈലം പോലെ ഇരിക്കുന്നു.
എന്റെ പ്രിയൻ എനിക്കുള്ളവൻ ഞാൻ അവനുള്ളവൻ
ഞാൻ നിന്റെ മുഖമൊന്നു കാണട്ടെ
നിന്റെ സ്വരം ഒന്നു കേൾക്കട്ടെ'

പ്രണയത്തിന്റെ സൗന്ദര്യം ഈ വാക്കുകളിൽ നിറഞ്ഞു നില്ക്കുന്നു. പ്രണയം വിഷയമായ കാവ്യത്തിൽ കാമവും കാണുക സ്വാഭാവികമാണ്. ഈ വികാര പാരവശ്യം ഉത്തമഗീതത്തിലും ഉണ്ട്. ഏഴധ്യായങ്ങളിൽ നായികാ നായകന്മാരുടെ വിപ്രലംഭ ശൃംഗാരമാണ് കവി അവതരിപ്പിക്കുന്നത്. എന്നാൽ 8-ാം അധ്യായത്തിൽ സംഭോഗശൃംഗാരം കൂടി വർണ്ണിക്കുന്നു. എന്നാൽ അതൊന്നും സഭ്യതയുടെ അതിർ വരമ്പുകൾ ലംഘിക്കുന്നില്ല. അതു തന്നെയാണ് ഈ കാവ്യത്തിന്റെ സൗന്ദര്യത്തിനാധാരവും. പ്രഥമ പുരുഷനിൽ നിന്നാണ് കാവ്യത്തിന്റെ ആരംഭം. പിന്നീടാണ് മധ്യമപുരുഷൻ പരാമർശിക്കപ്പെടുന്നത്. പ്രഥമ ഭാഗം നായികയുടെ ചിന്തകളാണ്. അനുരാഗാവേശം, കാമുകന്റെ വേർപാട്, കാമുകനു വേണ്ടിയുള്ള അന്വേഷണം, കാമുകനെ കണ്ടെത്തൽ എന്നിങ്ങനെ ഈ കൃതിയുടെ തലങ്ങളെ വിഭജിക്കാം. പ്രണയം പലപ്പോഴും കാണുന്നതിനപ്പുറമുള്ളതിനെ തേടലാകുന്നു. പാറയുടെ പിളർപ്പിലും ചെങ്കുത്തായ മലയുടെ മറവിലും ഇരിക്കുന്ന പ്രാവിനെക്കുറിച്ചും മുന്തിരിത്തോട്ടങ്ങൾക്ക് നാശം വരുത്തുന്ന കുറുക്കന്മാരെക്കുറിച്ചും ലില്ലിപ്പൂക്കൾക്കിടിയിൽ മേയുന്ന ആട്ടിൻ പറ്റത്തെക്കുറിച്ചും പറയുന്നിടത്ത് നിഗൂഢമായ പ്രണയഭാവം ദർശിക്കാം. ഇതുപോലെ നിരവധി സൂചകങ്ങൾ ഉത്തമഗീതത്തിൽ കാണുവാൻ കഴിയും.

മുന്തിരിത്തോട്ടത്തിലെ മൈലാഞ്ചിപ്പൂങ്കുലകൾ മൂറിന്റെയും കുന്തുരുക്കത്തിന്റെയും സുഗന്ധം, മലഞ്ചെരിവിലൂടെ ഇറങ്ങി വരുന്ന കോലാട്ടിൻ പറ്റം, പൂത്തുലഞ്ഞ് സുഗന്ധം വഹിക്കുന്ന മുന്തിരി വള്ളികൾ, അരിപ്രാവുകൾ കുറുകുന്ന ശബ്ദം ഇവയെല്ലാം കേരളീയ ദൃശ്യ പ്രകൃതിക്കുപരി ഒരു പാലസ്തീനിയൻ കാഴ്ചപ്പാടാണ് പകർന്നു തരുന്നത്. സുഗന്ധവും രുചിയും ഗന്ധവും എല്ലാം ഉള്ള ഒരു പ്രണയത്തെ ഇവിടെ അനുഭവിച്ചറിയാൻ അനുവാചകർക്ക് കഴിയുന്നു.

ബൈബിൾ പ്രണയ കാവ്യമായ ഈ കൃതിയെ ലോംഗിസിന്റെ ഉദാത്തതാസിദ്ധാന്തവുമായി ബന്ധപ്പെടുത്താം. എല്ലാകാലങ്ങളിലും എല്ലാ മനുഷ്യരെയും തൃപ്തിപ്പെടുത്തുന്ന ഒരു രചനയെ മാത്രമേ ഉദാത്തമെന്നു വിളിക്കാനാവൂ എന്ന ലോംഗിനസിന്റെ സിദ്ധാന്തത്തോട് ഉത്തമഗീതം യോജിച്ചു നിൽക്കുന്നു. ലോകാരംഭം മുതലേ പ്രണയവും അതിന്റെ ആവിഷ്കാരങ്ങളുമുണ്ട്. മനുഷ്യ മനസ്സിലെ നിഗൂഢ രഹസ്യമായ പ്രണയം മററു വികാരങ്ങളുമായും ബന്ധപ്പെട്ടു നിൽക്കുന്നു. ഈ അനശ്വര വികാരത്തിന്റെ പ്രത്യേകിച്ച് കാമുകി കാമുക ബന്ധത്തിന്റെ എല്ലാ ഭാവങ്ങളും ഈ കൃതിയും ആവിഷ്കരിക്കുന്നുണ്ട്. യുക്തിയുമായല്ല ഹൃദയവുമായി സംവദിക്കുന്നതുകൊണ്ട് ഉത്തമഗീതം അനുവാചക മനസ്സിൽ ഒരു ലയലഹരിയായി നിറയുന്നു. രണ്ടായിരത്തോളം വർഷം പഴക്കമുള്ള ഈ കൃതി ഇന്നും വ്യാഖ്യാതാക്കളും വായനക്കാരും ഇഷ്ടപ്പെടുന്നുവെങ്കിൽ അതൊരുദാത്ത സൃഷ്ടിയാണെന്നതിന് സംശയമില്ല.

### ഉത്തമഗീതം ഒരു പ്രണയ കാവ്യമെന്ന നിലയിൽ

ബൈബിളിൽ പഴയ നിയമത്തിലെ ഒരു ഗ്രന്ഥമായ ഉത്തമഗീതം വിശേഷാത്തരമായ, വികാരതീവ്രമായ ഒരു പ്രണയകാവ്യമാണ്. യഹോവയും ഇസ്രയേൽ ജനതയും തമ്മിലുള്ള ബന്ധവും ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധവും ഒക്കെയാണ് ഉത്തമഗീതം പ്രതിപാദിക്കുന്നത് എന്ന അഭിപ്രായത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. എന്നാൽ വിശുദ്ധ ഗ്രന്ഥമായ ബൈബിളിലെ വളരെ ചെറിയ ഒരു പുസ്തകം- എട്ടധ്യായങ്ങളിലായി കേവലം നൂറ്റിപ്പതിനേഴ വാക്യങ്ങളിലൊതുങ്ങുന്ന ഈ ഗദ്യകാവ്യം ഈ പരാമർശത്തിനുമപ്പുറം മറ്റെന്തോ കൂടിയാണ് എന്ന് ആ കാവ്യം മനസ്സിരുത്തി വായിക്കുന്ന ആർക്കും ബോധ്യമാകും. ആദ്യവായനയിൽ ശരീരബദ്ധമായ പ്രണയമായി ഉത്തമഗീതം തോന്നുമെങ്കിലും പിന്നീടുള്ള വായനകൾ ആത്മാവിന്റെ പ്രണയത്തിലേക്ക് അനുവാചകനെ കൂട്ടി കൊണ്ടു പോകുന്നു.

അഗാധ പ്രണയത്തെ ഉപമിക്കുവാൻ സ്ത്രീപുരുഷ പ്രണയത്തെപ്പോലെ അതിശക്തമായ മറ്റൊരു വികാരത്തെ കണ്ടെത്താൻ കഴിയില്ല. പ്രണയം പകുത്തു നൽകുന്ന എല്ലാ ആഹ്ലാദത്തിന്റെയും നീറ്റലുകളുടെയും വിളവെടുപ്പാണ് ഉത്തമഗീതം. മരണത്തെപ്പോലെ ശക്തമാണ് പ്രണയവും എന്നാണ് ഇവിടെ

പറയുന്നത്. പ്രേമം എന്ന വികാരത്തെ ശാരീരികവും മാനസികവുമായ ഭാവങ്ങളിൽ കൂടി ഇവിടെ അവതരിപ്പിക്കുന്നു.

പ്രേമത്തിന്റെ ദിവ്യമായ അനുഭൂതിക്കു വഴങ്ങി കൊടുക്കാത്ത ഒന്നും മനുഷ്യനിലും പ്രകൃതിയിലും ഇല്ല. അങ്ങനെയുള്ള ഒരു വികാരം ആദ്യവസാനം നിറഞ്ഞു നില്ക്കുന്ന കാവ്യമാണ് ഉത്തമഗീതം. 'ശാരീരികവും ആത്മീയവുമായ ഈ അത്ഭുതത്തിന് (പ്രണയം) താരുണ്യത്തിൽ മനുഷ്യനിലും വസന്തത്തിൽ പ്രകൃതിയിലും ആവേശിക്കുന്ന ഈ ഇന്ദ്രജാലത്തിനു, പുരുഷൻ സ്ത്രീയിലും സ്ത്രീ പുരുഷനിലും കാണുന്ന ഈ കവിതയ്ക്ക് ഇരുപത്തിയഞ്ചുനൂറ്റാണ്ടുകൾക്ക് മുൻപ് ഒരു എബ്രായ കവി നല്കിയ രൂപമാണ് ബൈബിളിലെ ഉത്തമഗീതം' എന്ന് വെണ്ണിയൂർ അഭിപ്രായപ്പെടുന്നു. ആണും പെണ്ണും തമ്മിലുള്ള പരസ്പരാനുരാഗത്തിന്റെ ഗാഥയായ ഉത്തമഗീതം പോലെ വൈവിദ്ധ്യമായ വ്യാഖ്യാനങ്ങൾക്ക് വിധേയമായിട്ടുള്ള ഒരു ഗ്രന്ഥവും മതസാഹിത്യത്തിലെന്നല്ല വിശ്വസാഹിത്യത്തിൽ പോലും ഇല്ല എന്നാണ് വെണ്ണിയൂരിന്റെ അഭിപ്രായം.

'പ്രേമം' എന്ന ഭാവത്തെ ശാരീരികവും മാനസികവുമായ ഭാവങ്ങളിൽ ഇതിൽ പ്രതിബിംബിച്ചു കാട്ടുന്നുണ്ട്. രതി ക്രീഡയുടെ വിവിധ ഭാവങ്ങളും ഈ കാവ്യത്തിലുണ്ട്. കാമിനി കാമുകന്മാരുടെ ഓരോ അവയവവും കണ്ണ്, ചുണ്ട്, മാറിടം, നാഭി, ഉദരം, കഴുത്ത് തലമുടി ഇവിടെ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. 'പ്രിയേ, പ്രേമഭാഗങ്ങളിൽ നീ എത്ര സുന്ദരി, എത്ര മനോഹരം, നിന്റെ ശരീരാകൃതി പനയോടും നിന്റെ സ്തനങ്ങൾ മുന്തിരിക്കുലയോടും ഒക്കുന്നു. ഞാൻ പനമേൽ കയറും, അതിന്റെ മടൽ പിടിക്കും എന്നു ഞാൻ പറഞ്ഞു'. (ഉത്തമഗീതം 7:8) 'എന്റെ കാന്ത കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടം, അടച്ചിരിക്കുന്ന ഒരു നീരുറവ, മുദ്രയിട്ടിരിക്കുന്ന ഒരു കിണറ്, നിന്റെ ചിനപ്പുകൾ വിശിഷ്ടഫലങ്ങളോടുകൂടിയ മാതളത്തോട്ടം.' (ഉത്തമഗീതം4:12) ലൈംഗിക ഭാവങ്ങളും സംഭോഗ ശൃംഗാരവും ഇവിടെ കാണാമെങ്കിലും അവ ഒരിക്കലും സഭ്യതയുടെ സീമകളെ അതിലംഘിക്കുന്നില്ല. അംഗപ്രത്യംഗ വർണ്ണനകളിലേക്ക് കടന്നാലും മാംസബദ്ധമല്ലാത്ത ഭാവമാണ് കാണാൻ കഴിയുന്നത്. 'നീ സുന്ദരിയാണ് മൂടുപടത്തിനുള്ളിൽ നിന്റെ കണ്ണുകൾ ഇണപ്രാവുകളെപ്പോലെയാണ്. നിന്റെ മൊഴികൾ മധു ഊറുന്നതാണ്. നിന്റെ അധരം കടുംചുവപ്പുനൂൽ പോലെയും നിന്റെ അധരം മനോഹരവുമാണ്. ... ....' അവളുടെ ഓരോ അംഗവും കാമുകനെ പ്രണയത്തിന്റെ ലെബാനോൻ അരുവിയിൽ മുക്കി സ്നാനപ്പെടുത്തുന്നു. ഇങ്ങനെ സൂക്ഷ്മമായ കാല്പനിക വർണ്ണനകളിൽ അനുരാഗ ബന്ധമായ പ്രണയത്തിന്റെ ശൃംഗാര ധ്വനികളുണ്ടെങ്കിലും അത് ഒരിക്കലും തരം താഴുന്നില്ല. കുലീനമായ കാല്പനിക വശ്യതയാണ് ഈ വർണ്ണനകളിലുള്ളത്. ലൈംഗീക ചോദനയുടെ തീവ്രാഭിലാഷങ്ങളെപ്പോലും വളരെ സൂക്ഷ്മവും ഗൂഢവുമായി അവതരിപ്പിച്ചിരിക്കുന്നു.

അതി സുന്ദരങ്ങളായ വർണ്ണനകൾ, വാക്കുകളുടെ ലയവിന്യാസങ്ങൾ ഇവ ഉത്തമഗീതത്തെ പ്രണയകാവ്യങ്ങളിൽ ഏറ്റവും മുന്നിൽ നിർത്തുന്നു. കാമത്തിൽ നിന്ന് അതിന്റെ സാക്ഷാത്കാരത്തിലേക്ക് നാടകീയമായി വികാസം പ്രാപിക്കുന്നു. പാപനിർഭരമായ ലോകത്തിൽ യഥാർത്ഥ പ്രേമം എത്ര പാവനവും കുലീനവും ആണ് എന്ന് ഉത്തമഗീതത്തിൽ കാണാം. 'രണ്ടു പേർ ചുംബിക്കുമ്പോൾ ലോകം മാറുന്നു' എന്ന ഒക്ടോവിയോ പാസിന്റെ വരികൾ ഇവിടെ ശ്രദ്ധേയമാണ്. മാംസനിബദ്ധമല്ലാത്ത പ്രണയം ഇവിടെ പ്രണയത്തിന്റെ പുതിയ നിർവ്വചനം സൃഷ്ടിക്കുന്നു.

പ്രണയത്തിന്റെ തീക്ഷ്ണാനുഭൂതികൾ പകർന്നു തരുന്ന ഇത്തരമൊരു കാവ്യം സാഹിത്യത്തിൽ അസാധാരണമാണ്. കേവലം ശാരീരികമായ ആകർഷണത്തെക്കുറിച്ച്, മാനുഷികവും, സിരാബന്ധവുമായ വികാരത്തെക്കുറിച്ച് മാത്രമല്ല ഉത്തമഗീതം പറയുന്നത്. ആണും പെണ്ണുമായി ദൈവം സൃഷ്ടിച്ച മനുഷ്യന്റെ പരസ്പരപൂരണം നിർവ്വഹിക്കുവാനുള്ള ആഗ്രഹവും ഇവിടെ കാണാൻ കഴിയും. മാത്രമല്ല, ശാരീരികമായ ബന്ധത്തിനപ്പുറം പ്രപഞ്ചത്തിലേക്കിറങ്ങിച്ചെന്ന് അവയിൽ ലയിച്ച് സ്നേഹത്തെ/ദൈവ സ്നേഹത്തെ/പ്രപഞ്ചസ്നേഹത്തെ ആത്മാവിൽ ഏറ്റുവാങ്ങുന്നതാണ് പ്രണയം എന്നു കൂടി ഉത്തമഗീതം പറഞ്ഞു വയ്ക്കുന്നു.

കാവ്യ സിദ്ധിയും ഭാവനാ വിലാസവും ആത്മീയ ചൈതന്യവും ചേർന്നു നിൽക്കുന്ന ഒരു ഉത്കൃഷ്ട രചനയാണ് ഉത്തമഗീതം. ഈ ഗീതം മനുഷ്യ ഹൃദയത്തിൽ ചലനങ്ങളുണ്ടാക്കുന്നു. മനുഷ്യ ഹൃദയത്തിന്റെ അഗാധങ്ങളിലേക്കിറങ്ങിച്ചെന്ന് വികാര വിചാരങ്ങളെ പ്രണയത്തിന്റെ ഉദാത്ത മേഖലയിലേക്ക് ഉയർത്തുന്നു. പൂർണ്ണമായ വ്യാഖ്യാനത്തിനും വ്യക്തമായ വിശകലനങ്ങൾക്കും ഇന്നും സാധിക്കുന്നില്ല എന്നതുകൊണ്ടു തന്നെ ഉത്തമഗീതത്തിൽ ഒരു നിഗൂഢമായ വശ്യത ഇന്നും നിറഞ്ഞു നില്ക്കുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. അപ്പൻ കെ.പി ; ബൈബിൾ വെളിച്ചത്തിന്റെ കവചം, കോട്ടയം: ഡി.സി. ബുക്സ് 1997
2. ഓഷോ, ഹൃദയത്തിന് ചോദ്യങ്ങളില്ല, സൈലൻസ് പബ്ലിക്കേഷൻസ് . 2008.
3. ജിബ്രാൻ., ഖലീൽ പ്രവാചകൻ, കോട്ടം: ഡി.സി. ബുക്സ്, 1992.
4. ജോസ്,. ബോബി : സഞ്ചാരിയുടെ ദൈവം, ഡൽഹി: മീഡിയാ ഹൗസ്, 2004.
5. പത്മകുമാർ, മുഞ്ഞിനാട് (ഡോ.) സോളമന്റെ ഉത്തമഗീതം, തൃശ്ശൂർ : ഗ്രീൻ ബുക്സ് ; 2013
6. വർഗീസ്, കെ.സി. സോളമന്റെ ഉത്തമഗീതം കോഴിക്കോട് : ഒലീവ് പബ്ലിക്കേഷൻസ്, 2015
7. വെണ്ണിയൂർ ഇ.എം.ജെ. പാട്ടുകളുടെ പാട്ട്, സാഹിത്യ പ്രവർത്തക സഹകരണ സംഘം 1964